**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1139** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സാംസ്കാരിക ടൂറിസം വികസിപ്പിക്കാൻ നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. സുധീർഷാ പാലോട്

ശ്രീ. എം. ആർ. ബൈജു

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ഭക്ഷണം, ഉത്സവങ്ങൾ, പരമ്പരാഗത കൃഷിരീതികൾ, പരമ്പരാഗത വാസസ്ഥലങ്ങൾ, കലകൾ, തദ്ദേശീയ സംസ്കൃതികൾ തുടങ്ങിയവയെ ബന്ധിപ്പിച്ചുക്കൊണ്ട് സാംസ്കാരിക ടൂറിസത്തിന്റെ വിപുലമായ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ തനത് പാരമ്പര്യവും തദ്ദേശ സംസ്കൃതിയും ഭക്ഷണ സംസ്കാരവും കാത്തുസൂക്ഷിച്ചുകൊണ്ട് പ്രാദേശിക തലത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം ഹബ്ബുകളും സാംസ്കാരിക ടൂറിസം ഹബ്ബുകളും ആരംഭിക്കാൻ പുതുക്കിയ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട് . ടൂറിസം മേഖലയ്ക്കായി വകയിരുത്തിയ വിഹിതം ഉപയോഗപ്പെടുത്തി പരമ്പരാഗത കൃഷിരീതികൾ, പ്രാദേശിക കലകൾ, തനത് ഭക്ഷണ രീതികൾ എന്നിവ സമന്വയിപ്പിച്ചുകൊണ്ടുള്ള വിപുലമായ സാംസ്കാരിക ടൂറിസം പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ചു വരുകയാണ്.

**(ബി)** ഉത്സവാഘോഷങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും ഒരു സാംസ്കാരിക കലണ്ടർ തയ്യാറാക്കി ജിയോ-കൾച്ചറൽ മാപ്പിങ്ങിലൂടെ സാംസ്കാരിക ടൂറിസം ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ ;

**<u>മറുപടി:</u>** കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ ഉത്സവ ആഘോഷങ്ങൾ, അനുഷ്ഠാനകലകൾ, ആചാരങ്ങൾ എന്നിവ വിദേശ ആഭ്യന്തര സഞ്ചാരികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കുവാനും യാത്രകൾ ആസൂത്രണം ചെയ്യാനും സഹായിക്കുന്ന രീതിയിൽ ഒരു സാംസ്കാരിക കലണ്ടർ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ജിയോ കൾച്ചറൽ മാപ്പിംഗ് വഴി ഓരോ പ്രദേശത്തിന്റെയും സംസ്കാരിക സവിശേഷതകൾ അടയാളപ്പെടുത്തി ടൂറിസം സർക്യൂട്ടുകളുമായി ബന്ധിപ്പിക്കും.

**(സി)** അക്ഷര-സാഹിത്യോത്സവങ്ങളെയും പ്രാദേശിക ടൂറിസം സാധ്യതകളെയും കോർത്തിണക്കി സാംസ്കാരിക ടൂറിസത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ;വിശദമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ വിവിധ സാഹിത്യോത്സവങ്ങളെയും പുസ്തകോത്സവങ്ങളെയും **(**അന്താരാഷ്ട്ര പ്രാദേശിക സാഹിത്യ സംഗമങ്ങൾ**)** വിനോദസഞ്ചാര കലണ്ടറിന്റെ ഭാഗമാക്കി മാറ്റുന്നത് പരിശോധിച്ചുവരുന്നു**.** ഇതിലൂടെ സാഹിത്യ സാംസ്കാരിക താൽപര്യമുള്ള ആഭ്യന്തര വിദേശ സഞ്ചാരികളെ ആകർഷിക്കാൻ സാധിക്കും **.** ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള സാംസ്കാരിക ടൂറിസം ഹബ്ബുകൾ വഴി അക്ഷര സംസ്കാരവും പ്രാദേശിക ചരിത്രവും ഉൾക്കൊള്ളുന്ന പ്രത്യേകം ടൂറിസം സർക്യൂട്ടുകൾ രൂപീകരിക്കാനും അതുവഴി പ്രാദേശിക കലാകാരന്മാർക്കും എഴുത്തുകാർക്കും ഒരുപോലെ പിന്തുണയേകുന്ന രീതിയിൽ ടൂറിസം മേഖലയെ ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**